# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2820 20.03.2015-ൽ മറുപടി

### ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് അനധികൃതമായി കൈവശം വയ്ക്കുന്ന ഭൂമി

ചോദ്യം

ശ്രീ.പി.കെ.ബഷീർ
ശ്രീ.സി.മോയിൻ കുട്ടി
ശ്രീ.റ്റി.എ.അഹമ്മദ് കബീർ
ശ്രീ.പി.ബി. അബ്ദുൾ റസാക്

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് അനധികൃതമായി ഭൂമി കൈവശം വയ്ക്കുകയും, മറിച്ചുവില്ക്കുകയും ചെയ്യുതുമായി ബന്ധപ്പെട്ടുളള കാര്യങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുകയും മറിച്ച് വിൽക്കുകയും ചെയ്ത സർക്കാർ ഭൂമി സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിട്ടില്ല. എന്നാൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന്റെ ആദ്യ നടപടിയായി ബഹു.ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം 28.11.2014-ലെ GLR(LR) 4/2013-ാം നമ്പർ നടപടിക്രമം അനുസരിച്ച് പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിന് അധികാരം ഉണ്ടെന്ന് സ്ഥാപിക്കുകയും ആയതിന് ശേഷം 01.12.2014 -ലെ GLR(LR) 4/2013-ാം നമ്പർ ഉത്തരവ് പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനി കൈവശം വച്ചിരുന്ന 29,185 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് സ്പെഷ്യൽ ഓഫീസർ ശ്രീ.എം.ജി.രാജമാണിക്യം IAS ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി വിൽപ്പന നടത്തിയ ഭൂമികൾ ഏറ്റെടുക്കാനുള്ള നടപടി തുടർന്ന് വരുന്നു. |
| (ബി) | എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | ഇൻഡ്യൻ ഇന്റിപ്പെന്റൻസ് ആക്ട് 1947, ഫെറ 1947, 1973, കമ്പനി ആക്ട് 1886, 1913, 1942, 1946, കേരള ഭൂപരിഷ്കരണ നിയമം 1963, വിവിധ ട്രാവൻകൂർ ലാൻഡ് റവന്യൂ മാനവൽസ് എന്നിവയുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് കമ്പനികൾ സംസ്ഥാനത്ത് രാജഭരണകാലത്ത് കൈവശം വച്ചിരുന്ന സർക്കാർ ഗ്രാന്റുകളുടെയും, |

| | | |
|---|---|---|
| | | ലീസുകളുടെയും, സ്വകാര്യ ലീസുകളുടെയും അവകാശം സ്വാതന്ത്ര്യാനന്തരം സംസ്ഥാന സർക്കാരിനാണ്. |
| (സി) | വിദേശ നാണയ വിനിമയ ചട്ടവും ഇൻഡ്യൻ ഇന്റിപ്പെന്റൻസ് ആക്ടിലെ വ്യവസ്ഥകളും ലംഘിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ തുടർനടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ഉണ്ട്. വിദേശ നാണയ വിനിമയ ചട്ടവും ഇൻഡ്യൻ ഇന്റിപ്പെന്റൻസ് ആക്ടിലെ വ്യവസ്ഥകളും ലംഘിക്കപ്പെടുന്നതുകൊണ്ടാണ് ഭൂമി ഏറ്റെടുക്കാൻ സ്പെഷ്യൽ ഓഫീസർ 01.12.2014-ൽ ഉത്തരവ് ഇറക്കിയത്. |
| (ഡി) | കമ്പനിയിൽ സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ കീഴിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്ന ആരെങ്കിലും ഉദ്യോഗമോ പങ്കാളിത്തമോ വഹിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിക്കുകയും വിവരം വെളിപ്പെടുത്തുകയും ചെയ്യുമോ? | ഇല്ല. ബഹു.ഹൈക്കോടതിയുടെ WP(C) 14251/2012(s), 213/2013(s) എന്നീ റിട്ട് ഹർജികളിലെ 28.02.2013-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കെ.എൽ.സി ആക്ട് പ്രകാരം അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചെടുക്കുന്ന നടപടിയാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ